(സി) കുത്തിവയ്പ് നടത്തി ആരുംതന്നെ മരണപ്പെട്ടതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഡി) ഇല്ല.

സ്വകാര്യ വാഹന ഉടമകൾ നൽകുന്ന ജി. ഫാറം

19 [*84] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) "Contract Carriage" പോലുള്ള വാഹനങ്ങളുടെ ഉടമസ്ഥർ "G Form"-ൽ വിവരങ്ങൾ തെറ്റായി രേഖപ്പെടുത്തുന്നത് കൊണ്ട് സർക്കാരിന് വാഹന നികുതി ഇനത്തിൽ നഷ്ടം ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇങ്ങനെ "G Form"-ൽ തെറ്റായ വിവരങ്ങൾ രേഖപ്പെടുത്തുന്ന വാഹന ഉടമകളിൽ നിന്നും ഏതെങ്കിലും തരത്തിലുള്ള പിഴ ഈടാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ ;

(സി) ഇല്ലെങ്കിൽ പിഴ ഈടാക്കുന്ന കാര്യം പരിഗണിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എൻ. ശക്തൻ) :

(എ) "ജി" ഫോമിൽ തെറ്റായി വിവരങ്ങൾ രേഖപ്പെടുത്തിയാൽ അതിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ വെഹിക്കിൾ ഇൻസ്പെക്ടർ പരിശോധിക്കുമ്പോൾ തെറ്റാണെന്ന് കണ്ടാൽ, പ്രസ്തുത വാഹനത്തിന്റെ നികുതി ഗ്രേസ് പീരിഡ് കഴിഞ്ഞാൽ അഡീഷണൽ നികുതി സഹിതം ഈടാക്കാറുള്ളതിനാൽ സർക്കാരിന് ആ ഇനത്തിൽ നഷ്ടം ഉണ്ടാകാറില്ല.

(ബി) ഇത്തരത്തിൽ പിഴ ഈടാക്കുന്നതിന് ഇപ്പോൾ വ്യവസ്ഥയില്ല.

(സി) പരിഗണിക്കാവുന്നതാണ്.

(2) നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

2005-2006-ലെ റവന്യു വരുമാനം

1. [458] ശ്രീ. മത്തായി ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരിക്കുന്ന മൊത്തം റവന്യു വരുമാനം എത്രയായിരുന്നു ;

(ബി) പ്രസ്തുത സാമ്പത്തിക വർഷത്തിലെ യഥാർത്ഥ വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ ;

(സി) റവന്യു വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ; എങ്കിൽ കാരണം വ്യക്തമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനം 16624 കോടി രൂപയായിരുന്നു.

(ബി) 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളൂ. ടി താൽക്കാലിക കണക്ക് അനുസരിച്ച് 31-12-2005 വരെ മൊത്തം റവന്യൂ വരുമാനം 9711 കോടി രൂപ ആയി കണക്കാക്കിയിരിക്കുന്നു.

(സി) ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളൂ.

രണ്ടാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

2 [459] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി രണ്ടാം ധനകാര്യ കമ്മിഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ശുപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷൻ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്:

ശുപാർശ നമ്പർ 2 (1) :

പ്ലാനിംഗ് കമ്മിഷൻ നിശ്ചയിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം ഒഴികെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 1/3-ൽ കുറയാത്ത തുക ഓരോ വർഷവും ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകേണ്ടതാണ്. ഈ പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു പ്രദേശത്തിന്റെ ആവശ്യം അനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ വിനിയോഗിക്കേണ്ടതാണ്. ഓരോ മേഖലയിലും ചെലവാക്കുന്ന തുകയുടെ പരിധി ഗവൺമെന്റ് അതാത് സമയത്ത് നിശ്ചയിക്കേണ്ടതാണ്.

ശുപാർശ നമ്പർ 2 (2) :

കൈമാറ്റം ചെയ്യപ്പെട്ടതുൾപ്പെടെയുള്ള അവരുടെ ആസ്തികൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അതിന്റെ ആകെ തനതു നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ഗ്രാന്റായി നൽകേണ്ടതാണ്. അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന തുകയിന്മേലാണ് മേൽപ്പറഞ്ഞ അഞ്ചര ശതമാനം തീരുമാനിക്കേണ്ടത്. അതിനാൽ ഇത് സാധാരണയായി ബഡ്ജറ്റ് വർഷത്തിന്

LIBRARY ARCHIVES Kerala Legislative Assembly